(ബി) എങ്കിൽ ഭൂമി നഷ്ടപ്പെട്ട ഇവർക്ക് എന്തു സഹായമാണ് ഗവൺമെന്റ് നൽകുന്നത് ;

(സി) ഇവർക്ക് പകരം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി & സി) വെള്ളപ്പൊക്കംമൂലം കര ഇടിച്ചിൽ തടയുന്നതിനു നടപടി സ്വീകരിക്കാറുണ്ട്. എങ്കിലും വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവമൂലം വീട് പൂർണ്ണമായും ഭാഗികമായും നശിക്കുന്നവർക്കും, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകാൻ വ്യവസ്ഥയുണ്ട്. പൂർണ്ണമായി നശിച്ച വീട് പുനർനിർമ്മിക്കുന്നതിന് മൂന്നു ഗഡുക്കളായി 15,000 രൂപയും ഭാഗികമായി വീടു നശിച്ചവർക്ക് നഷ്ടതോതനുസരിച്ച് പരമാവധി 5000 രൂപവരെയും നൽകും. വീടും സ്ഥലവും നശിച്ചവർക്ക് വീട് വയ്ക്കാൻ 4 സെന്റിൽ കവിയാത്ത സ്ഥലവും വീടുവയ്ക്കാൻ 15,000 രൂപയും നൽകാൻ വ്യവസ്ഥയുണ്ട്.

കണ്ണൻകടവ് കടലോരത്ത് കടൽഭിത്തി നിർമ്മാണം

100 (2012) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിലെ കണ്ണൻകടവ് കടലോരത്ത് കടൽഭിത്തി കെട്ടാൻ ബഡ്ജറ്റിൽ പണമനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കടൽഭിത്തി നിർമ്മാണത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് അനുവദിച്ചത് ;

(സി) പ്രസ്തുത പണികൾ എപ്പോൾ ആരംഭിക്കാനാണുദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏലത്തൂർ കടൽഭിത്തിക്ക് തെക്കുഭാഗത്തായി 750 മീറ്റർ നീളത്തിൽ (111 മീ.കെ.ഇ.ആർ.ഐ. 2718 തെക്കു മുതൽ 565 മീ. കെ. ഇ. ആർ. ഐ. 2711 തെക്ക് വരെ) കടൽഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 86 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഭരണാനുമതി നൽകിയശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പണി ആരംഭിക്കുന്നതാണ്.

അണ്ടിത്തോട് ശുദ്ധജല വിതരണ പദ്ധതി

101(2013) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോന്നി നിയോജകമണ്ഡലത്തിലെ അണ്ടിത്തോട് ശുദ്ധജലവിതരണ പദ്ധതിയുടേയും കോന്നി താഴം ശുദ്ധജലവിതരണ പദ്ധതിയുടെയും പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly